LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടിയുള്ള പഠനം ഐ.സി ഐ.സി.ഐ. കിൻഫ്ര എന്ന സ്ഥാപനവും ആലപ്പുഴ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടേത് ചെന്നൈയിലെ എൽ.ആന്റ് റ്റി. റാംബോൾ എന്ന സ്ഥാപനവുമാണ് നടത്തുന്നത്.

(സി) അടുത്ത അഞ്ചു വർഷത്തിനുള്ളിൽ വിഴിഞ്ഞം, ആലപ്പുഴ, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസനം സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്നതിന് പുറമേ തങ്കശ്ശേരി തുറമുഖത്ത് ഒരു വാർഫ് പണിയുക, ബേപ്പൂർ തുറമുഖത്തെ ഇപ്പോഴുള്ള രണ്ട് വാർഫുകൾക്കിടയ്ക്ക് പുതുതായി ഒരു വാർഫ് പണിയുക, അഴീക്കൽ തുറമുഖത്ത് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുവേണ്ടി വാർഫ് പണിയുക, അഴീക്കൽ, ബേപ്പൂർ, തങ്കശ്ശേരി, നീണ്ടകര എന്നീ തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് എന്നിവ നടത്താനുദ്ദേശിക്കുന്നു.

(ഡി) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്രസഹായമൊന്നും ലഭിച്ചിട്ടില്ല.

(ഇ) തുറമുഖ വികസനത്തിനായി വിദേശ സഹായമൊന്നും ലഭ്യമായിട്ടില്ല.

മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണം

107 [5663] ശ്രീ. എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ എത്ര മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യ ബന്ധന തുറമുഖങ്ങളോടനുബന്ധിച്ച് ചെറുകിട വാണിജ്യ തുറമുഖങ്ങൾ ഏതെങ്കിലും പുതുതായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന്. (മുതലപ്പൊഴി, കായംകുളം, പൊന്നാനി)

(ബി) ഇല്ല. എന്നാൽ, ഫിഷിംഗ് ഹാർബറുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ചരക്കു കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

(സി) ആദ്യഘട്ടമെന്ന നിലയിൽ വിഴിഞ്ഞം, തങ്കശ്ശേരി എന്നീ ഫിഷിംഗ് ഹാർബറുകളിൽ ചരക്കു കൈകാര്യം ചെയ്യുന്നതിനുള്ള വാർഫ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)